# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5931** **04.07.2019 ൽ മറുപടിക്ക്**

**കഞ്ഞിക്കുഴിയിൽ മേൽപ്പാലം**

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോട്ടയം മണ്ഡലത്തിലെ കഞ്ഞിക്കുഴിയിൽ അസാധാരണമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി മേൽപ്പാലം നിർമ്മിക്കാൻ നിർദ്ദേശമുണ്ടോ; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിക്കായി നൽകിയ ഭരണാനുമതി ഉത്തരവിന്റെ വിവരങ്ങൾ (നമ്പർ, തീയതി) വ്യക്തമാക്കുമോ; | (എ) കോട്ടയം മണ്ഡലത്തിലെ കഞ്ഞിക്കുഴിയിൽ അസാധാരണമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി മേൽപ്പാലം നിർമ്മിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയ്ക്കായി 04.12.2015 ൽ G.O (Rt)No.1804/2015/PWD പ്രകാരം സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടുത്താതെ 3071 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.കേരള റോഡ് ഫണ്ട് ബോർഡിന്റെ ഫണ്ടിൽ നിന്നും നൽകുമെന്നാണ് ഭരണാനുമതി ഉത്തരവിൽ പറഞ്ഞിരിക്കുന്നത് . |
| (ബി) മേൽപ്പാലം നിർമ്മാണത്തിന് കരാർ ക്ഷണിച്ചിരുന്നോ; കരാറിലേർപ്പെട്ട തീയതി, കരാർ തുക, കരാറിലേർപ്പെട്ട വ്യക്തി എന്നീ വിവരങ്ങൾ അറിയിക്കുമോ; | (ബി) മേൽപ്പാല നിർമ്മാണത്തിന് ദേശീയപാതാ വിഭാഗം മധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ 12/SE/NH/CC/Kochi/2015-16 നമ്പർ പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ആയതിൻപ്രകാരം, 16.02.2016 ൽ ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തിട്ടുമുണ്ട്. ഇതിൽ പങ്കെടുത്തവരുടെ ഇവാല്യുവേഷൻ നടത്തി ക്വാളിഫൈ ചെയ്ത കോൺട്രാക്ടർമാരുടെ ഫിനാൻഷ്യൽ ബിഡ് 02.03.2016 ൽ തുറന്നു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 30,82,27,700 രൂപ ക്വാട്ട് ചെയ്തത് M/s EKK Infrastructure Pvt.Ltd ആയിരുന്നു. എസ്റ്റിമേറ്റ് |

| | | |
|---|---|---|
| | | തുകയേക്കാൾ 7.8% അധികം ക്വാട്ട് ചെയ്തതിനാൽ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും ഫണ്ടിംഗ് ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് ഈ പ്രവൃത്തിക്കായി അധിക ഫണ്ട് വകയിരുത്തി നല്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് നിലവിൽ അനുവദിക്കാൻ ആകില്ലെന്ന് അറിയിച്ചു. ഈ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്.സ്ഥലം ഏറ്റെടുത്തു ഭൂമി ലഭിക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് ഉള്ളതിനാൽ സ്ഥലമേറ്റെടുക്കുന്നതുൾപ്പെടെയുള്ള തുകയ്ക്കാണ് ഭരണാനുമതി നൽകേണ്ടത്.ബഡ്ജറ്റിൽ മതിയായ തുക നീക്കി വെക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. |
| സി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ? | (സി) ഫ്ളൈഓവർ, സർവ്വീസ് റോഡ്, കാനകൾ, റീട്ടെയിനിംഗ് വാൾ എന്നിവയുടെ നിർമ്മാണവും ഹൈവേ ലൈറ്റുകൾ, റോഡ് സേഫ്റ്റി measures എന്നിവ സ്ഥാപിക്കലും ഉൾപ്പെട്ടിട്ടുണ്ടായിരുന്ന ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 29,58,99,840/- രൂപയായിരുന്നു. |

**സെക്ഷൻ ഓഫീസർ**